



# G.U.P.S KONATHUKUNNU



# Academic Master Plan





## 2023 - 2028







# വിദ്യാലയ ചരിത്രം

തൃശ്ശൂർ ജില്ലയിൽ മുകുന്ദപുരം താലൂക്കിൽ വെള്ളാങ്ങല്ലൂർ പഞ്ചായത്തിൽ തെക്കുംകര വില്ലേജിൽ കോണത്തുകുന്ന് ദേശത്ത് തൃശ്ശൂർ കൊടുങ്ങല്ലൂർ റൂട്ടിൽ വെള്ളാങ്ങല്ലൂർ പഞ്ചായത്തിന് എതിർവശത്ത് റോഡരികിൽ, ആലുക്കത്തറ വാർഡിന്റെ കിഴക്കുഭാഗത്ത് കോണത്തുകുന്ന് ഗവ.യു പി സ്കൂൾ സ്ഥിതിചെയ്യുന്നു.

ശ്രീ രാവുണ്ണി മേനോൻ, കോണത്തുകുന്ന് പ്രദേശത്ത് പേരും പെരുമയുമുള്ള കിഴക്കേ പാലക്കത്ത് തറവാട്ടിലെ ഉദാരമതിയും കൊച്ചി മഹാരാജാവിന്റെ മുതൽ പിടിപ്പുകാരനുമായിരുന്ന കാരണവർ ഗ്രാമവാസികളുടെ ചിരകാല അഭിലാഷമായിരുന്ന വിദ്യാലയം എന്ന സ്വപ്നം യാഥാർത്ഥ്യമാക്കാൻ 68 സെന്റ് സ്ഥലം സംഭാവനയായി നല്കുന്നുവെന്ന വാർത്ത സമൂഹത്തിൽ വലിയൊരു മാറ്റത്തിന് നാന്ദികുറിച്ചു.

അധികം താമസിയാതെ 1913 ജൂൺ 16ന് (1088 മിഥുനം 3 തിങ്കൾ) ഈ വിദ്യാലയം തുടങ്ങി പ്രൈമറി സ്കൂൾ കരുപ്പടന്ന എന്ന നാമധേയത്തിലാണ് ഈ വിദ്യാലയം തുടങ്ങിയത് പിന്നീട് വിദ്യാലയത്തിന്റെ പേര് എം.എസ്.വെള്ളാങ്ങല്ലൂർ, പി. എസ് വെള്ളാങ്ങല്ലൂർ എന്നിങ്ങനെ രൂപാന്തരം പ്രാപിച്ചാണ് ഒടുവിൽ യൂപി എസ് വെള്ളാങ്ങല്ലൂർ എന്നായിത്തീർന്നത് .

ആദ്യം താല്ക്കാലിക ഷെഡുകളിലും മറ്റുമായി പ്രവർത്തനമാരംഭിച്ച ഈ വിദ്യാലയത്തിന് അന്നത്തെ കൊച്ചി രാജ്യത്തിലെ വിദ്യാഭ്യാസ മേലദ്ധ്യക്ഷനായിരുന്ന ശ്രീ.മത്തായി അവർകളുടെ കാലത്താണ് 10 മുറികളോട്ടുകൂടിയ ഒരു സ്ഥിരം കെട്ടിടം പണിയുവാൻ അനുവാദം ലഭിച്ചത്. പിന്നീട് മറ്റ് കെട്ടിടങ്ങളും പണിയുകയുണ്ടായി.

ഈ വിദ്യാലയത്തിൽ ആദ്യമായി ചേർന്ന വിദ്യാർത്ഥി മുടവൻകാട്ടിൽ മൊയ്തീൻകുട്ടി മകൻ ഹൈദ്രോസ് ആണ്. ശ്രീ സി. എച് മൊയ്തീൻ, ഹെഡ്മാസ്റ്റർ, ശ്രീനാരായണ മേനോൻ അധ്യാപകൻ,ശ്രീ.വി.കുഞ്ഞൻ നായർ എന്നിവരായിരുന്നു

ആദ്യകാല സ്റ്റാഫംഗങ്ങൾ. 1949 വരെ ഇംഗ്ലീഷ് മീഡിയത്തിലുള്ള നാലര ക്ലാസ് ഇവിടെ പ്രവർത്തിച്ചിരുന്നുവെങ്കിലും പിന്നീട് നിർത്തി,5ആം ക്ലാസ് തുടങ്ങി. 1962ലാണ് ഈ വിദ്യാലയം യു.പി. എസ് വെള്ളാങ്ങല്ലൂരായി അപ്ഗ്രേഡ് ചെയ്തത്.

1914-15 ൽ 60 ഉം 1915-16 ൽ 33 ഉം 1916-17 ൽ 73 ഉം വിദ്യാർത്ഥികൾ സ്കൂൾ പ്രവേശനം നേടിയിട്ടുണ്ട്. മുണ്ട്,ട്രൗസർ, കുപ്പായം എന്നിവയായിരുന്നു കുട്ടികളുടെ വേഷം.സമ്പന്നരുടെ മക്കൾ ട്രൗസറും കുപ്പായവും ധരിച്ചായിരുന്നു സ്കൂളിൽ എത്തിയിരുന്നത്.ഇഷ്ടമുള്ള വേഷം ധരിച്ചുവരാൻ കുട്ടികൾക്കവകാശമുണ്ടായിരുന്നു.

ആദ്യവർഷങ്ങളിൽ പ്രവേശനം നേടിയ 12 വിദ്യാർത്ഥികളിൽ നാലുപേർ മാത്രമാണ് നാലര ക്ലാസ് വരെ പഠനം തുടർന്നത്. ബാക്കിയുള്ളവരെല്ലാം രണ്ടാം തരത്തിലും മൂന്നാം തരത്തിലും വച്ച് വിവിധ കാരണങ്ങളാൽ പഠനം അവസാനിപ്പിച്ചിരുന്നു.പ്രവേശനത്തിന് ഫീസും പഠനം ഇടയ്ക്ക് നിർത്തി, പിന്നീട് പ്രവേശനം നേടുന്നവർക്ക് പിഴയും നിർബന്ധമായിരുന്നു. എല്ലാവിഷയങ്ങളിലും പാസായാൽ മാത്രമേ ക്ലാസ് കയറ്റം അനുവദിച്ചിരുന്നുള്ളു. അക്കാരണത്താൽ തന്നെ മൂന്നാം ക്ലാസ്സിലെത്തുമ്പോൾ എഴുത്തിലും വായനയിലും കണക്കിലും കുട്ടികൾ അസാധാരണ മികവ് പുലർത്തിയിരുന്നു.

# സ്കൂൾ മാസ്റ്റർ പ്ലാൻ

ഗുണമേന്മയുള്ള വിദ്യാഭ്യാസം എല്ലാ വിദ്യാർത്ഥികൾക്കും നൽകുക എന്നതാണ് നമ്മുടെ വിദ്യാലയത്തിന്റെ ലക്ഷ്യം ഇന്ന് ജീവിതത്തിന്റെ സമസ്ത മേഖലകളും അനുനിമിഷം മാറികൊണ്ടിക്കുന്നു ബോധന മനഃശാസ്ത്രം,പഠന മനഃശാസ്ത്രം എന്നിവയിലെ പുതിയ കണ്ടെത്തലുകളും പ്രയോഗികാനുഭവങ്ങളും നൂതന സാങ്കേതിക വിദ്യയിലൂടെ ലഭിക്കുന്ന അറിവുകളും ഇന്നത്തെ പഠനരീതിയിൽ ഗണ്യമായ മാറ്റങ്ങൾ വരുത്തി കൊണ്ടിരിക്കുന്നു.നമ്മുടെ വിദ്യാലയത്തിലെ വിദ്യാർത്ഥികൾക്കും കാലാനുസൃതമായ പഠന പുരോഗതി ലഭ്യമാക്കേണ്ടതുണ്ട്.

വൈവിധ്യമാർന്ന സാമൂഹിക സാമ്പത്തിക പശ്ചാത്തലമുള്ളതും വ്യത്യസ്തമായ ശാരീരികവും, മാനസികവും, ബൗദ്ധികവും,കഴിവുകളുള്ളതുമായ എല്ലാകുട്ടികൾക്കും പഠനത്തിലും അതോടൊപ്പം ജീവിതത്തിലും വിജയം കൈവരിക്കേണ്ടതുണ്ട് ലിംഗം ജാതി ഭാഷ സംസ്കാരം മതം അംഗവൈകല്യങ്ങൾ മുതലായവയിൽ നിന്ന് ഉടലെടുക്കുന്ന പരിമിതികൾ മറികടക്കുന്നതിന് നമ്മുടെ കുട്ടികൾ പ്രാപ്തരാവേണ്ടതുണ്ട്. അതോടൊപ്പം അവരിൽ സാമൂഹിക മാനുഷിക മൂല്യങ്ങളും വളർന്നുവരേണ്ടതുണ്ട് ഈ ലക്ഷ്യങ്ങളെല്ലാം മുന്നിൽ കണ്ടുകൊണ്ടാണ് വിദ്യാലയത്തിൽ നിരവധി മാറ്റങ്ങൾ കൊണ്ടുവരേണ്ടതുണ്ടെന്ന് അദ്ധ്യാപകരും രക്ഷിതാക്കളും തീരുമാനിച്ചത്. അതിനായി അടുത്ത അഞ്ചു വർഷത്തിനുള്ളിൽ എന്തെല്ലാം മാറ്റങ്ങളാണ് ഭൗതികതലത്തിലും, അക്കാദമികതലത്തിലും കൊണ്ടുവരേണ്ടത് എന്നതിന്റെ ഒരു സ്കൂൾ പാഠസൂത്രണമാണ് ഈ മാസ്റ്റർ പ്ലാൻ ലക്ഷ്യം വച്ചിരിക്കുന്നത്.

# വിദ്യാലയത്തിന്റെ ഭൗതികാവസ്ഥ

തൃശ്ശൂർ ജില്ലയിൽ ഇരിഞ്ഞാലക്കുട വിദ്യാഭ്യാസ ജില്ലയിലെ കൊടുങ്ങല്ലൂർ ഉപജില്ലയിൽ ഗവ.യു.പി സ്കൂൾ കോണത്തുകുന്ന് ഉൾപ്പെടുന്നു.വെള്ളാങ്ങല്ലൂർ ഗ്രാമപഞ്ചായത്തിന്റെ ഇരുപതാം വാർഡിൽ സ്ഥിതി ചെയ്യുന്ന ഈ വിദ്യാലയത്തിൽ ആയിരത്തോളം വിദ്യാത്ഥികൾ പഠനം നടത്തുന്നു. പാഠ്യ പഠ്യേതര പ്രവർത്തനങ്ങളിൽ ശ്രദ്ധേയമായ നേട്ടങ്ങൾ കൈവരിച്ചുകൊണ്ടിരിക്കുന്ന ഈ വിദ്യാലയമാണ് തൃശ്ശൂർ ജില്ലയിൽ ഏറ്റവും കൂടുതൽ വിദ്യാർഥികൾ പഠിക്കുന്ന പ്രൈമറി വിദ്യാലയം. ഗുണമേന്മയുള്ള വിദ്യാഭ്യാസം കുട്ടികളുടെ അവകാശമായിരിക്കുന്ന ഈ കാലഘട്ടത്തിൽ വിദ്യാർത്ഥികൾക്ക് അന്താരാഷ്ട്ര നിലവാരമുള്ള വിദ്യാഭ്യാസം നൽകുക എന്നതാണ് നമ്മുടെ പ്രവർത്തന ലക്ഷ്യം. ഈ ലക്ഷ്യംസാക്ഷാത്കരിക്കുന്നതിനായി അദ്ധ്യാപകരോടൊപ്പം വിദ്യാലയത്തിന്റെ അഭ്യുതകാംഷികളും പൂർവ്വ അദ്ധ്യാപകരും പൂർവ്വ വിദ്യാർത്ഥികളും രക്ഷിതാക്കളും നാട്ടുകാരും സന്നദ്ധ സംഘടനകളും സഹകരിച്ച് പ്രവർത്തിച്ചുവരുന്നു. തത്ഫലമായി വിദ്യാലയത്തിലെ ഭൗതിക സൗകര്യങ്ങൾ വർദ്ധിച്ചു.

വിദ്യാർത്ഥികളും യാത്രാസൗകര്യങ്ങൾക്കായി സ്കൂൾ വാഹനം കുടിവെള്ളക്ഷാമം പരിഹരിക്കുന്നതിനായി വാട്ടർ പ്യൂരിഫയർ കുഴൽ കിണർ മഴവെള്ള സംഭരണി തുടങ്ങിയവ ഇത്തരത്തിൽ സാമൂഹിക പങ്കാളിത്തത്തോടെ സജ്ജീകരിച്ചിട്ടുണ്ട്. കൂടാതെ ഗ്രാമപഞ്ചായത്തിന്റെ സഹകരത്തോടെ മാലിന്യ നിർമ്മാർജ്ജന സൗകര്യങ്ങൾ ഒരുക്കിയിട്ടുണ്ട്.വിദ്യാലയത്തെ ഹൈടെക് ആക്കുന്നതിന്റെ ഭാഗമായി ആധുനിക കമ്പ്യൂട്ടർ ലാബ് പ്രൊജക്ടറുകൾ സിസിടിവി ക്യാമറകൾ സ്പീക്കർ സിസ്റ്റത്തോടുകൂടിയ സൗണ്ട് സിസ്റ്റം എന്നിവ വിദ്യാലയത്തിൽ നിലവിലുണ്ട് കൂടാതെ പ്രീ പ്രൈമറി വിദ്യാർത്ഥികൾക്കായി ക്ലാസ് മുറികളിൽ എ.സി സംവിധാനവും സജ്ജീകരിച്ചിട്ടുണ്ട്.

വിദ്യാലയത്തിൽ ക്ലാസ്സ്മുറികളുടെ ആധുനിക വൽക്കരണത്തിന്റെ ഭാഗമായി കിഫ്ബി സഹകരത്തോടെ കേരള സർക്കാർ തീരദേശ വികസന കോർപ്പറേഷൻ

21 മുറികളോട്ടുകൂടിയ പുതിയ കെട്ടിടം 2022 ൽ നിർമ്മിച്ച് നൽകി.ഈ കെട്ടിടത്തിൽ ആധുനിക രീതിയിലുള്ള ടോയ്‌ലറ്റ്,വാഷ്റൂം സൗകര്യങ്ങളും കുട്ടികൾക്കായുള്ള സിക്ക് റൂമും ഉൾപ്പെടുന്നു. എങ്കിലും കുട്ടികകളുടെ എണ്ണത്തിനാനുപാതികമായി ക്ലാസ്സ്മുറികളുടെയും മാറ്റ് അനുബന്ധ മുറികളുടെയും എണ്ണം ഇനിയും വർധിപ്പിക്കേണ്ടതുണ്ട്.കൂടാതെ ശാസ്ത്ര ലാബ്, ഗണിത ലാബ്, ഭാഷാ ലാബ്,തുടങ്ങിയ സൗകര്യങ്ങൾകൂടി വിദ്യാലയത്തിൽ അനിവാര്യമാണ്. അതോടൊപ്പം കൂടുതൽ പ്രൊജക്റ്ററുകൾ, ലാപ്ടോപ്പുകൾ മറ്റു ബോധനസാമഗ്രികൾ,ലൈബ്രറി പുസ്തകങ്ങൾ, ഇവയെല്ലാം സൂക്ഷിക്കുന്നതിനാവശ്യമായ അലമാരകൾ, തുടങ്ങിയവയും വിദ്യാലയത്തിൽ ഇനിയും ആവശ്യമുണ്ട്.

വിദ്യാർത്ഥികളുടെ സമഗ്ര വ്യക്തിത്വ വികസനത്തിന് കലാപരവും,കായിക പരവുമായ, വളർച്ച ഉറപ്പു വരുത്തേണ്ടതുണ്ട്. നിലവിൽ യോഗ, തായ് കൊണ്ട, പാട്ട്, ഡാൻസ് ഇവയിൽ പരിശീലനം നൽകുന്നുണ്ടെങ്കിലും ആധുനിക രീതിയിലുള്ള സ്റ്റേജ് വിദ്യാലയത്തിൽ നിലവിലില്ല.അതുപോലെ തന്നെ വിദ്യാർത്ഥികളുടെ കായിക വളർച്ചയ്ക്കായി മൈതാനങ്ങും ഒരുക്കേണ്ടതുണ്ട് കിഡ്സ്പാർക്ക്, ജൈവവൈവിധ്യ ഉദ്യാനം തുടങ്ങിയ നിരവധി സൗകര്യങ്ങളും വിദ്യാലയത്തിൽ വർധിപ്പിക്കേണ്ടതുണ്ട്.

ഏറ്റവും ശുചിത്വതോടുകൂടി ആഹാരം പാചകം ചെയ്താലേ ആരോഗ്യമുള്ള തലമുറയെ വാർത്തെടുക്കാനാവൂ. അതിനായി പാചകപ്പുരയും ഡൈനിങ് ഹാളും നവീകരിക്കേണ്ടതുണ്ട്.അതിനുള്ള നടപടികൾ വിദ്യാലയത്തട്ടിൽ ആരംഭിച്ചിട്ടുണ്ട്. കൂടാതെ വിദ്യാർത്ഥികൾക്കായി ഫർണിച്ചറുകൾ കൂടുതൽ ആവശ്യമാണ്. അതിനായി സ്കൂൾ പി.ടി.എ ഗ്രാമപഞ്ചായത്തിനെ സമീപിച്ചിട്ടുണ്ട്. വിദ്യാലയത്തിന്റെ തെക്കും പടിഞ്ഞാറും ഭാഗത്തുള്ള ചുറ്റുമതിൽ കാലപ്പഴക്കം വന്ന് വീഴാറായ അവസ്ഥയിലാണ്. വിദ്യാർത്ഥികളുടെ സുരക്ഷ ഉറപ്പുവരുത്തുന്നതിനായി ചുറ്റുമതിൽ നവീകരിക്കേണ്ടതുണ്ട്.അടുത്ത അഞ്ചു വർഷത്തെ മുന്നിൽ കണ്ടുകൊണ്ട് വിദ്യാലയത്തിൽ അനിവാര്യമായ ഭൗതികസൗകര്യങ്ങളുടെ സംക്ഷിപ്തരൂപമാണ് താഴെ പട്ടികപ്പെടുത്തിയിരിക്കുന്നത്.

## മേഖല : ഭൗതികം

ലക്ഷ്യം : വിദ്യാർത്ഥികളുടെ സമഗ്ര വ്യക്തിത്വ വികസനത്തിനായി വിദ്യാലത്തിലെ ഭൗതിക സൗകര്യങ്ങളുടെ വികസനം

| SL No. | ഭൗതിക സൗകര്യങ്ങൾ | സാമ്പത്തികം | സാമ്പത്തിക സ്രോതസ്സ് | പ്രതീക്ഷിത കാലയളവ് | ചുമതല | റിമാർക്സ് |
|---|---|---|---|---|---|---|
| 1 | 12 ക്ലാസ് മുറികൾ, സ്റ്റേജ് | 1 കോടി 16 ലക്ഷം | എം.എൽ.എ /എസ്. എസ്.കെ | 2 വർഷം | പി. ടി. എ | എം. എൽ. എ ഫണ്ടിൽ നിന്നും 40 ലക്ഷവും, എസ്. എസ്. കെ ഫണ്ടിൽ നിന്നും 76 ലക്ഷവും അനുവദിച്ചിട്ടുണ്ട് നടപടികൾ ആരംഭിച്ചു |
| 2 | കിഫ്ബി നിർമ്മിച്ച കെട്ടിടത്തിൽ ഫയർ ആന്റ് റസ്ക്യൂ സുരക്ഷസംവിധാനം | 8 ലക്ഷം | എം.എൽ.എ /കിഫ്ബി/എൽ. എസ്. ജി | 1 വർഷം | പി. ടി. എ | സർക്കാർ പരിഗണനയിൽ |
| 3 | സ്കൂൾ മുറ്റം ടൈലിടൽ | 10 ലക്ഷം | എൽ. എസ്. ജി | 2 വർഷം | പി. ടി. എ | - |
| 4 | അടുക്കള | 30 ലക്ഷം | എം.എൽ.എ | 1 വർഷം | പി. ടി. എ | എം. എൽ. എ ഫണ്ട് 30 ലക്ഷം അനുവദിച്ചിട്ടുണ്ട് നടപടികൾ ആരംഭിച്ചു |
| 5 | ചുറ്റമതിൽ | 1.5 കോടി | എം. പി/ എം.എൽ.എ/ എൽ. എസ്. ജി | 2 വർഷം | പി. ടി. എ | എം. പി ക്ക്അപേക്ഷ സമർപ്പിച്ചിട്ടുണ്ട് |
| 6 | ഫർണീച്ചർ | 15 ലക്ഷം | എൽ. എസ്. ജി | 1 വർഷം | പി. ടി. എ | എൽ. എസ്. ജി പരിഗണനയിൽ |
| 7 | കിഡ്സ് പാർക്ക് | 20 ലക്ഷം | എസ്. എസ്.കെ/ഒ. എസ്. എ | 2 വർഷം | പി. ടി. എ | |
| 8 | സിസിടിവി ക്യാമറ | 1.5 ലക്ഷം | എസ്. എസ്.ജി/ഒ. എസ്. എ/ക്ലബ്ബുകൾ | 1 വർഷം | പി. ടി. എ | |
| 9 | പ്രൊജെക്റ്റർ 21 എണ്ണം | 4.21 ലക്ഷം | എം.എൽ.എ / എസ്. എസ്.കെ/ എസ്. എസ്.ജി/ എൽ. എസ്. ജി | 2 വർഷം | പി. ടി. എ | |
| 10 | ലാപ് ടോപ് | 4ലക്ഷം | പി. ടി. എ/ എസ്. എസ്.ജി/ ഒ. എസ്. എ | 2 വർഷം | പി. ടി. എ | |
| 11 | അലമാര | 5 ലക്ഷം | എസ്. എസ്.ജി/ പി. ടി. എ/ ഒ. എസ്.ടി. എ | 2 വർഷം | പി. ടി. എ | |
| 12 | പഠന സാമഗ്രികൾ | 1.5 ലക്ഷം | എസ്. എസ്.ജി/ പി. ടി. എ/ ഒ. എസ്.ടി. എ | 1 വർഷം | പി. ടി. എ | |
| 13 | ജൈവവൈവിധ്യ ഉദ്യാനം | 1 ലക്ഷം | എസ്. എസ്.ജി/ പി. ടി. എ/ ഒ. എസ്.ടി. എ | 1 വർഷം | പി. ടി. എ | |

# ഭൗതിക ലക്ഷ്യങ്ങൾ

നിലവിൽ കമ്പ്യൂട്ടർ ലാബ്, ശാസ്ത്ര ലാബ്, ഉൾപ്പെടെ 30 ഓളം ക്ലാസ്സ്മുറികളാണ് വിദ്യാലയത്തിലുള്ളത്.എങ്കിലും കുട്ടികളുടെ എണ്ണത്തിന് ആനുപാതികമായി ക്ലാസ് മുറികളുടെ എണ്ണം ഇനിയും വർദ്ധിപ്പിക്കേണ്ടതുണ്ട്. കുട്ടികളുടെ കലാപരമായ വികസനത്തിനായി ആധുനിക സൗകര്യത്തോടുകൂടിയ സ്റ്റേജ്,കായിക വികസനത്തിനായി മൈതാനം,കിഡ്സ്പാർക്ക്സുരക്ഷിതത്വം ഉറപ്പുവരുത്തുന്നതിനായി ചുറ്റുമതിൽ നവീകരണം, സിസിടിവി ക്യാമറകൾ, ജൈവവൈവിധ്യ ഉദ്യാനം, ഫർണീച്ചറുകൾ, പഠനസാമഗ്രികൾ, അലമാരകൾ, ആധുനിക സൗകര്യത്തോടുകൂടിയ ഹൈടെക് ക്ലാസ് മുറികൾ ഒരുക്കുന്നതിന്റെ ഭാഗമായി പ്രൊജക്ടറുകൾ, ലാപ്ടോപ്പുകൾ തുടങ്ങിയ നിരവധി ക്രമീകരണങ്ങളോട് കൂടി വിദ്യാലയത്തിന് അനിവാര്യമാണ്. സാമൂഹിക പങ്കാളിത്തത്തോടെ ജനപ്രതിനിധികൾ, വിവിധ സർക്കാർ-സർക്കാരിതര ഏജൻസികൾ, ക്ലബുകൾ, ഒ.എസ്.ടി.എ, എസ്.എസ്.ജി എന്നിങ്ങനെയുള്ളവരെ സമീപിച്ച് വിദ്യാലയ സൗകര്യങ്ങൾ മെച്ചപ്പെടുത്താൻ പി.ടി.എ യുടെ നേതൃത്വത്തിൽ തീരുമാനിച്ചിട്ടുണ്ട്. അവ താഴെ കൊടുക്കുന്നു.

# അക്കാദമിക ലക്ഷ്യങ്ങൾ

പഠന പ്രക്രിയയുടെ പരിപൂർണ്ണതയ്ക്ക് പഠന വിഭവങ്ങൾ വിദ്യാലത്തിൽ അനിവാര്യമാണ്.ജ്ഞാനേന്ദ്രിയങ്ങളിലൂടെ ചുറ്റുപാടിൽ നിന്നും പഠിക്കാനുള്ള നൈസർഗികമായ കഴിവുകളോടെയാണ് ഒരു കുട്ടി ജനിക്കുന്നത്. ലോകത്തെ പുതിയരീതിയിൽ നോക്കികാണാനും മനസ്സിലാക്കാനും ഇടപഴകാനും വിലയിരുത്താനുമുള്ള സാധ്യതകളാണ് വിദ്യാലയത്തിൽ നിന്നും ഔപചാരിക പഠനം വഴി കുട്ടിക്ക് ലഭിക്കുന്നത്. കുട്ടി തന്റെ മുന്നിലുള്ള പ്രശ്നസന്ദർഭങ്ങളിൽ ഇടപ്പെട്ടുകൊണ്ട് പ്രശ്നപരിഹാരത്തിൽ ഏർപ്പെടുന്നതിലൂടെയാണ് പഠനം നടക്കുന്നത്. സ്കൂളുകൾ ചോദ്യങ്ങൾ ചോദിക്കാനും അന്വേഷിക്കാനും തർക്കിക്കാനും മനനം ചെയ്യാനും സങ്കല്പനങ്ങളിൽ എത്തി ചേരാനും പുതിയ ആശയങ്ങൾ ഉണ്ടാക്കാനും ഒക്കെ അവസരം ഒരുക്കണം. ഈ പ്രക്രിയ ഉൾക്കൊണ്ടുകൊണ്ടാണ് താഴെ പറയുന്ന വിവിധ അക്കാദമിക് പ്രവർത്തന ലക്ഷ്യങ്ങൾ ആസൂത്രണം ചെയ്തിരിക്കുന്നത്.

1. ജ്ഞാനേന്ദ്രിയ വാദത്തിലധിഷ്ഠിതമായ പഠനാന്തരീക്ഷം.
2. മാനുഷിക മൂല്യങ്ങൾ, മനോഭാവങ്ങൾ, സാമൂഹിക മൂല്യങ്ങൾ എന്നിവ വളർത്തുക
3. ശിശു സൗഹൃദാന്തരീക്ഷം.
4. പഠിതാവിന്റെ താല്പര്യവും വികാസവും പരിഗണിച്ചു കൊണ്ടുള്ള വൈവിധ്യ മാർന്ന പഠനപ്രവർത്തനങ്ങൾ.
5. വിദ്യാലയം പഠനോപകരണമായി മാറ്റുന്ന പ്രവർത്തനങ്ങൾ.
6. പരിസ്ഥിതി സംരക്ഷണത്തിന്റെ ആവശ്യകത ബോധ്യപ്പെടുത്തുന്നതിനുതകുന്ന പ്രവർത്തനങ്ങൾ.
7. ആരോഗ്യം, വ്യക്തിശുചിത്വം, പരിസര ശുചിത്വം എന്നിവയുടെ പ്രാധാന്യം മനസ്സിലാക്കത്തക്ക പ്രവർത്തനങ്ങൾ.
8. പഠനത്തിന്റെ പ്രായോഗിക വൽക്കരണത്തിനുതകുന്ന പ്രവർത്തനങ്ങൾ.
9. കുട്ടിക്ക് സ്വതന്ത്രമായി വിവിധ ഭാഷകളെ കൈകാര്യം ചെയ്യുന്നതിന് പ്രാപ്തരാക്കുന്ന തരത്തിലുള്ള പ്രവർത്തനങ്ങൾ.
10. ശാസ്ത്രം, സാമൂഹ്യ ശാസ്ത്രം,ഗണിതം എന്നിവയുടെ ലളിതവും സരളവുമായ പ്രയോഗവൽക്കരണത്തിലൂടെ വിവിധങ്ങളായ പ്രശ്നങ്ങൾ കുട്ടിക്ക് സ്വയം ചെയ്യുന്നതിന് പ്രാപ്തനാക്കുന്ന തരത്തിലുള്ള പ്രവർത്തനങ്ങൾ.
11. പഠനപ്രവർത്തനങ്ങൾക്ക് അനുയോജ്യമായ വഴക്കം, അനുരൂപീകരണം, പഠന പ്രവർത്തനങ്ങളുടെ തിരഞ്ഞെടുപ്പ് എന്നിവ ഉറപ്പാക്കുന്നു.അതുവഴി വ്യത്യസ്ത പഠനാവശ്യമുള്ളവയെയും അഭിരുചിയുള്ളവയെയും പഠന പ്രക്രിയയിൽ പങ്കാളികളാകുന്നു.
12. പഠനയാത്രകളിലൂടെ മാനസികോല്ലാസത്തോടെപ്പം വൈവിധ്യമാർന്ന പഠന നേട്ടങ്ങൾ കുട്ടികൾക്ക് ഉറപ്പുവരുത്തുന്നു.
13. രക്ഷിതാക്കൾക്കും കുട്ടികൾക്കും കൗൺസലിങ് ക്ലാസ്സുകൾ ബോധവൽക്കരണ ക്ലാസ്സുകൾ തുടങ്ങിയവ നടത്തി കുട്ടികളിലെ വ്യക്തിത്വ വികസനം സാധ്യമാക്കുന്നു.
14. അദ്ധ്യാപക രക്ഷാകർത്തൃ ബന്ധം ശാക്തീകരിച്ച് വിദ്യാർഥികളുടെ അച്ചടക്കം, പൗരബോധം എന്നിവ ഉറപ്പു വരുത്തുന്നു.
15. വിവിധ ദിനാചരണങ്ങളോടനുബന്ധിച്ച് ശില്പശാല, ക്വിസ്സ്, കുറിപ്പുകൾ, അഭിമുഖ സംഭാഷണങ്ങൾ, വൈവിധ്യമാർന്ന പ്രവർത്തനങ്ങൾ തുടങ്ങിയവ ആസൂത്രണം ചെയ്യുന്നു.

| ലക്ഷ്യം | പ്രവത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| എല്ലാ കുട്ടികൾക്കും മലയാള ഭാഷ വായിക്കാനും എഴുതാനും അവതരിപ്പിക്കാനുള്ള അടിസ്ഥാന ശേഷി വികസിപ്പിക്കുന്നതിന് | പ്രീ ടെസ്റ്റ് ഗ്രേഡിന്റെ അടിസ്ഥാനത്തിൽ ലിസ്റ്റ് തയ്യാറാക്കൽ | ജൂൺ ആദ്യ വാരം | അധ്യാപകർ | |
| | രക്ഷിതാക്കളുമായി യോഗം ചേർന്ന് പരിഹാര ബോധന മാർഗം പരിചയപ്പെടുത്തൽ | ജൂൺ രണ്ടാം വാരം | | |
| | പരിഹാരബോധനം:<br>അക്ഷരക്കാർഡ്<br>ചിഹ്ന കാർഡ്<br>വായന കാർഡ്<br>വർക്ക് ഷീറ്റുകൾ<br>മറ്റു ഭാഷകേളികൾ | ജൂലൈ<br>ഓഗസ്റ്റ് | അധ്യാപകർ<br>തെരഞ്ഞെടുത്ത രക്ഷിതാക്കൾ | 5000 പി. ടി. എ |
| | സ്വതന്ത്ര വായന:<br>വായന കാർഡ്<br>വർക്ക്ഷീറ്റുകൾ<br>ക്ലാസ് ലൈബ്രറി | സെപ്റ്റംബർ | അധ്യാപകർ | |
| | സ്വതന്ത്ര രചന :<br>ലഘുവാക്യങ്ങൾ<br>ഐ സി ടി സഹായത്തോടെ<br>ചിത്ര സഹായത്തോടെ<br>സചിത്ര നോട്ട്ബുക്ക്<br>സംയുക്ത ഡയറി | ഒക്ടോബർ | അധ്യാപകർ | 3000 പി. ടി. എ |
| | പ്രയോഗവൽകരണം:<br>വായനോത്സവം<br>കഥോത്സവം | നവംബർ<br>ഡിസംബർ | അധ്യാപകർ | |

**മേഖല : അക്കാദമികം** **ഉപമേഖല – വിവിധ ഭാഷകളിലെ അടിസ്ഥാനശേഷി വികസനം**

| ലക്ഷ്യം | പ്രവത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| | • സ്വതന്ത്ര രചന,ആസ്വാദന കുറിപ്പ് , ലഘു നിഘണ്ടു നിർമ്മാണം<br>• കഥ, കവിത, പോസ്റ്റർ, ഡയറി തുടങ്ങിയ വ്യവഹാര രൂപങ്ങൾ, സൂചനകൾ നൽകി കഥ എഴുതൽ, ഐ.സി.ടി ചിത്ര സഹായത്തോടെ<br>• അസംബ്ലി / സർഗവേളയിൽ അവതരണം<br>• പതിപ്പ് തയ്യാറാക്കൽ<br>• രചന ക്യാമ്പ് സാഹിത്യ സമാജങ്ങൾ, പ്രസംഗ പരിശീലനം<br>• കുട്ടികളുടെ രചനകൾക്കായി ഗ്യാലറി (പഠന നേട്ടവുമായി ബന്ധപ്പെട്ടവ)<br>• ക്ലാസ്സുകളിൽ പാഠപുസ്തകങ്ങൾ ലഭ്യമാക്കൽ (മുൻ ക്ലാസ്സുകാരുടെ പുസ്തകങ്ങൾ ശേഖരണം )<br>• കവിതകൾ മന:പാഠമാക്കി അവതരണത്തിനുള്ള അവസരം നൽകൽ<br>• പഠന പിന്നോക്കം ഉള്ള കുട്ടികളുടെ രക്ഷിതാക്കളെ വിദ്യാലയവുമായി സമ്പർക്കത്തിലാക്കുന്നതിന് മറ്റു രക്ഷിതാക്കളോടൊപ്പം അധ്യാപകർ ഗൃഹസന്ദർശനം നടത്തൽ<br>• സ്കൂൾ പത്രം (വാർഷികാഘോഷത്തിൽ പ്രകാശനം)<br>• സ്കൂൾ പത്രം (ദിനാചരണങ്ങൾ-ത്രൈമാസികം )<br>• പുസ്തകം സംഭാവന ചെയ്യൽ | ജനവരി ഫെബ്രുവരി<br><br>ഫെബ്രുവരി | അധ്യാപകർ<br><br>പി.ടി. എ<br><br>അധ്യാപകർ/പി.ടി. എ | 25000<br>എൽ. എസ്ജീ /ഒ. എസ്.ടി.എ/എസ്. എസ്. ജി /പി. ടി. എ<br><br>10000<br>5000 |

**മേഖല : അക്കാദമികം** **ഉപമേഖല – വിവിധ ഭാഷകളിലെ അടിസ്ഥാനശേഷി വികസനം**

| **ലക്ഷ്യം** | **പ്രവത്തനങ്ങൾ** | **കാലം** | **ചുമതല** | **സാമ്പത്തിക വിശകലനം** |
|---|---|---|---|---|
| എല്ലാ കുട്ടികൾക്കും ഇംഗ്ലീഷ് ഭാഷ വായിക്കാനും,എഴുതാനും,വ്യവഹാര രൂപങ്ങൾ തയ്യാറാക്കാനും അവതരിപ്പിക്കാനുമുള്ള ശേഷി വികസിപ്പിക്കുന്നതിന് | • പ്രീ ടെസ്റ്റ് | ജൂൺ ആദ്യവാരം | അധ്യാപകർ /പി. ടി.എ | 3000 |
| | • പരിഹാരബോധനാ പാക്കേജ്<br>• ചിത്രകാർഡ്, പദകാർഡ്, ഐ. സി. ടി, ഓഡിയോ, ഓറൽ ഗെയിംസ് | ജൂൺ മൂന്നാം വാരം | അധ്യാപകർ | |
| | • വർക്ക് ഷീറ്റുകൾ | ജൂലൈ ഓഗസ്റ്റ് | അധ്യാപകർ | |
| | • വാക്കുകൾ എഴുതാൻ പരിശീലനം | സെപ്റ്റംബർ | അധ്യാപകർ | |
| | • ലഘുവാക്യങ്ങൾ പറയാനുള്ള പരിശീലനം:<br>ഓഡിയോ,വീഡിയോ<br>Self-Introduction, description etc.<br>അസംബ്ലിയിൽ അവതരണം<br>Simple sentence എഴുത്ത്<br>പതിപ്പ് നിർമ്മാണം, സ്റ്റോറി writing<br>ന്യൂസ് പേപ്പർ വായന<br>ഇംഗ്ലീഷ് അസംബ്ലി ശാക്തീകരണം | ഒക്ടോബർ നവംബർ | അധ്യാപകർ | |
| | Skit<br>Story<br>കൊറിയോഗ്രാഫി ഓഫ് പൊയംസ്<br>ചുമർ പത്രിക നിർമ്മാണം<br>തീയേറ്റർ Workshop | ജനുവരി ഫെബ്രുവരി | അധ്യാപകർ | |

**മേഖല : അക്കാദമികം** **ഉപമേഖല – ജൈവ വൈവിധ്യം**

| **ലക്ഷ്യം** | **പ്രവത്തനങ്ങൾ** | **കാലം** | **ചുമതല** | **സാമ്പത്തിക വിശകലനം** |
|---|---|---|---|---|
| പ്രകൃതി വിഭവ സംരക്ഷണവും പരിസര ശുചിത്വവും ഒരു മൂല്യ വ്യവസ്ഥയും മനോഭാവവുമാക്കി മാറ്റുന്ന പ്രവത്തനങ്ങൾ ഏറ്റെടുത്ത് നടപ്പിലാക്കുന്നതിന് കുട്ടിയെ പ്രാപ്തമാക്കുന്നു | • ലഭ്യമായ സ്ഥലത്ത് പൂച്ചെടികൾ (ഒരുകുട്ടി-ഒരു പൂച്ചട്ടി, മൺചട്ടി | 2023-2028 | പി.ടി.എ | 50000 |
| | • പച്ചക്കറി | | അധ്യാപകർ | എൽ. എസ്. ജി /എസ്. എസ്. കെ /ഒ. എസ്. ടി. എ /എസ്. എസ്. ജി |
| | • ശലഭത്തോട്ടം | | | |
| | • താമരക്കുളം സജ്ജീകരിക്കൽ | | | 4500 വ്യാപാരികൾ മറ്റു സ്പോൺസെർമാർ |
| | • കുഞ്ഞുമീനുകളെ വളർത്തൽ | | | |
| | • പ്ലാസ്റ്റിക് നിർമാർജനം | | പി.ടി.എ | |
| | • വിദ്യാലയത്തിലെ മാലിന്യ നിർമാർജന പ്രവത്തർനങ്ങൾ | | | |
| | • വിദ്യാലയത്തിലെ സസ്യങ്ങളുടെ ജൈവവൈവിധ്യ റജിസ്റ്റർ തയ്യാറാക്കൽ | | | |
| | • കൃഷിയിടങ്ങൾ സന്ദർശനം | | | |
| | • കർഷകരെ പരിചയപ്പെടൽ | | | |
| | • പേപ്പർ ബാഗ് നിർമ്മണം (പി.ടി.എയുടെ സഹായത്തോടെ ) | | | |

**മേഖല : അക്കാദമികം** **ഉപമേഖല – ഗണിതത്തിലെ അടിസ്ഥാനശേഷി വികസനം**

| ലക്ഷ്യം | പ്രവത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ഗണിതക്രിയകളിൽ പിന്നോക്കം നിൽക്കുന്ന കുട്ടികൾക്ക് അടിസ്ഥാന ആശയങ്ങൾ ഉറപ്പിക്കാനും, ചതുഷ് ക്രിയകൾ, രൂപങ്ങൾ, പ്രശ്നനിർദ്ധാരണശേഷി എന്നിവ ഉറപ്പിക്കുന്ന തിനും പ്രയോഗ വൽക്കരണത്തിനും കുട്ടിയെ പ്രാപ്തമാക്കുന്നു | • പ്രീ ടെസ്റ്റ്<br>• പ്രവർത്തന പദ്ധതി തയ്യാറാക്കൽ, ലിസ്റ്റുചെയ്യൽ സാമഗ്രികൾ തയ്യാറാക്കൽ<br>• സ്ഥാന വില തിരിച്ചറിയൽ (വലിയ അക്കങ്ങൾ) സ്ഥാനവില പോക്കറ്റ്, അബാക്കസ്, ലഘു ഗണിതകേളികൾ<br>• ചതുഷ് ക്രിയകൾ ഉറപ്പിക്കൽ വർക്ക് ഷീറ്റുകൾ, വിവിധ തരം വസ്തുക്കൾ ഉപയോഗിച്ചുള്ള ഗണിത പ്രവർത്തനങ്ങൾ (മുത്തുകൾ, മഞ്ചാടിക്കുരു, കല്ലുകൾ) വിവിധ തരം ഗണിതകേളികൾ, നിധികണ്ടെത്തൽ പ്രവർത്തനം<br>• അഞ്ചക്കസംഖ്യകളും,അതിനു മുകളിലുള്ള സംഖ്യകളുടെയും ചതുഷ്ക്രിയകൾ | ജൂൺ ആദ്യവാരം | ക്ലാസ് ടീച്ചർ | |
| | • മനകണക്കുകൾ | ജൂൺ അവസാന വാരം | അധ്യാപകർ | 25000 ഒ. എസ്. ടി. എ /പ. ടി. എ /എസ്. എസ്. ജി |
| | • ഗണിത രൂപങ്ങൾ പരിചയപ്പെടൽ ടാൻഗ്രാംനിർമ്മാണം, തൊഴിലിടങ്ങളിൽ സന്ദർശനം | ജൂലൈ | സ്കൂൾ വികസന സമിതി | |
| | • പ്രശ്ന നിർദ്ധാരണം | ആഗസ്റ്റ് – ഡിസംബർ | അധ്യാപകർ | |
| | • മാഗസീൻ നിർമ്മാണം,ക്വിസ് | ജനുവരി | അധ്യാപകർ , എസ്. എംസി,ഒ. എ. എസ്. എ | |

**മേഖല : അക്കാദമികം** **ഉപമേഖല – ഗണിതം**

| ലക്ഷ്യം | പ്രവത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| | • പഠനോപകരണ ശില്പശാല (1മുതൽ 7 വരെയുള്ള ക്ലാസുകളിലേക്ക്) പഠന നേട്ടവുമായി ബന്ധപ്പെട്ട പഠനോപകരണ നിർമ്മാണം (അവധികാലത്ത് )<br>• ഗണിത സ്റ്റോർ<br>• പ്രായോഗിക ഗണിതവുമായി ബന്ധപ്പെടുത്തി ഗണിത സ്റ്റോർ ആരംഭം<br>• ഗണിത ലാബ് സജ്ജീകരണം<br>• ഗണിത പാർക്ക്<br>• ഗണിത ക്ലബ് ശാക്തീകരണം, ക്വിസ്,ദിനാചാരണങ്ങൾ<br>• ഗണിത നാടകം<br>• ഫീൽഡ് ടിപ്പ്, പ്രകൃതി ഗണിതം<br>• മാസം തോറും ഓരോ ക്ലാസ്സിൽ നിന്നും ഒരു കയ്യെഴുത്തുമാസിക<br>• ശില്പശാലകൾ, വർക്ക്ഷീറ്റ് നിർമ്മാണം<br>• ഗണിതഗാനം, ജാമിതിയ രൂപങ്ങൾ നിർമ്മാണം<br>• ഗണിത ശാസ്ത്രജ്ഞൻമാരുടെ സംഭാവനകൾ, ഗണിതോത്സവം | 2023-2028 | അധ്യാപകർ<br>അധ്യാപകർ | 10,000 എസ്. എസ്. കെ /എസ്. എസ്. എസ്. ജി/ഒ. എസ്. ടി. എ<br>20000 പി. ടി. എ<br>25000 എൽ. എസ്. ജി/എസ്. എസ്. ജി/ഒ. എസ്. ടി. എ |

| ലക്ഷ്യം | പ്രവത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ഓരോ കുട്ടിയുടെയും അഭിരുചി കണ്ടെത്തി വികസിപ്പിച്ച് മുഖ്യധാരയിലെത്തിക്കുന്നതിന് | • അഭിരുചി ടെസ്റ്റ് നടത്താനുള്ള ഫോർമാറ്റ് നിർമ്മാണം<br>• കുട്ടികളെ തരം തിരിക്കൽ<br>1. സാഹിത്യം<br>2. സംഗീതം (നാടൻ പാട്ട്, പുള്ളുവൻ പാട്ട്,തുയിലുണർത്തുപാട്ട്, ചിന്തുപാട്ട് )<br>3. ഉപകരണ സംഗീതം (ചെണ്ട, ഉടുക്ക്, തകിൽ)<br>4. നാട്ടറിവ്,പഠനം (തെയ്യം,തിറ,കരകാട്ടം,പരുന്താട്ടം)<br>5. പാചകം<br>6. ഫോട്ടോഗ്രഫി<br>7. ഫൂട്ട്ബോൾ<br>8. നാടകം-(തെരുവ് നാടകം-അഭിനയക്കളരി)<br>9.നീന്തൽ പരിശീലനം<br>10. ചിത്രരചന<br>11. പ്രവൃത്തിപരിചയം (മുള,ഈറ്റ,കുരുത്തോല,വെജിറ്റബിൾ,കർവിഗ് ലോഹത്തിൽ കൊത്തുപണി,മരപ്പണി)<br>• വിദഗ്ധരെ ഉപയോഗിച്ചുള്ള ക്ലാസുകൾ (ശനിയാഴ്ചകളിൽ) | | അധ്യാപകർ | 30,000 രൂപ<br>എൽ. എസ്. ജി, സ്പോൺസർഷിപ്, പി. ടി. എ |

**മേഖല : അക്കാദമികം** **ഉപമേഖല – പ്രതിഭ സംഗമം (Talent Lab)**

| ലക്ഷ്യം | പ്രവത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| | • ഉല്പ്പന്നങ്ങളുടെയും, പ്രവർത്തനങ്ങളുടെയും പ്രദർശനം (നിശ്ചിത ഇടവേളകളിൽ)<br>• വാർഷികാഘോഷത്തോടനുബന്ധിച്ച് പ്രദർശനം,പ്രകടനം,വിപണനം<br>• പഞ്ചായത്ത് ഗ്രൗണ്ട്, താണിയത്തുകുന്ന് മൈതാനം ഉപയോഗപ്പെടുത്തി കായിക പരിശീലനം<br>• സ്പോർട്സ് ടീച്ചേഴ്സിനെ ഉപയോഗപ്പെടുത്തി വോളിബോൾ പരിശീലനം<br>• ഈ ആഴ്ച്ചയിലെ താരം-ക്ലാസ് തലത്തിൽ പിന്നാക്കം നിൽക്കുന്ന കുട്ടി നടത്തുമ്പോൾ മുന്നിലേക്ക് വന്ന് ആത്മവിശ്വാസത്തോടെ അവതരണം<br>• ബാഡ്ജ് നിർമ്മാണം (17എണ്ണം ) | | അധ്യാപകൻ | എസ്. എസ്. കെ /എസ്. എസ്. ജി/ ഒ.എസ്.ടി.എ<br>500 സ്പോൺസർഷിപ്പ് |

**മേഖല : അക്കാദമികം** **ഉപമേഖല – ശാസ്ത്രം**

| ലക്ഷ്യം | പ്രവത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| കുട്ടികളിൽ ശാസ്ത്രാഭിമുഖ്യം വളർത്തുന്നതിനും പ്രക്രിയാശേഷികൾ വികസിപ്പിക്കുന്നതിനും (നിരീക്ഷണം, ദത്തങ്ങൾ ശേഖരിച്ച് പരീക്ഷണ പ്രവർത്തനങ്ങളിൽ ഏർപ്പെടൽ, സാമാന്യ വൽക്കരണം,പ്രശ്ന പരിഹാരം കണ്ടെത്തൽ നിഗമനത്തിലെത്തൽ,പ്രയോഗവൽക്കരണം, തുടങ്ങിയ ശേഷികൾ)<br>ശാസ്ത്രീയ വീക്ഷണം രൂപപ്പെടുത്തുന്നു<br><br>ദൈനംദിന ജീവിതവുമായി പഠനത്തെ ബന്ധിപ്പിക്കുന്നു.<br>(നൈപുണീ വികസനം) | • പഠനോപകരണ ശില്പശാല<br>• ജൈവവൈവിധ്യ ഉദ്യാനം-വിദ്യാലയത്തിൽ<br>• ശാസ്ത്രപാർക്ക് നിർമ്മാണം.<br>• ശാസ്ത്ര പരീക്ഷണ ശാല ക്ലാസ് മുറികളിൽ ഒരുക്കുന്നു. (ശാസ്ത്രമൂല)<br><br>• പഠന യാത്രകളിൾ-പരിസര പ്രദേശത്തെ കൃഷി സ്ഥലങ്ങൾ, വിജ്ഞാന സാഗർ, പ്ലാനറ്റോറിയം, സയൻസ് സെന്റർ തുടങ്ങിയവ.<br>• ശാസ്ത്ര കിറ്റ് തയ്യാറാക്കൽ.<br>• വിദഗ്ധരുടെ ക്ലാസുകൾ, പരീക്ഷണ പ്രവത്തനങ്ങൾ<br>• ശാസ്ത്രദിനാചരണം (അനുയോജ്യമായ പ്രവർത്തനങ്ങൾ നൽകി കൊണ്ട് .<br>• കുട്ടികളുടെ ശാസ്ത്രപ്രദർശനങ്ങൾ.<br>• ശാസ്ത്ര കിറ്റ്,ശാസ്ത്ര നാടകങ്ങൾ തുടങ്ങിയവ കുട്ടികൾ അവതരിപ്പിക്കുന്നു.<br>• ശാസ്ത്ര സെമിനാർ, സംവാദം,അഭിമുഖം<br>• ശാസ്ത്ര പുസ്തകാസ്വാദനം<br>• ശാസ്ത്ര ഗാനങ്ങളുടെ അവതരണം.<br>• ശാസ്ത്ര പ്രവർത്തനങ്ങളുടെ പ്രയോഗവൽക്കരണം.<br>• ശാസ്ത്ര പ്രൊജെക്റ്റുകൾ കുട്ടികൾ തയ്യാറാക്കുന്നു.<br>• ICT സാധ്യതകൾ പ്രയോജന പ്പെടുത്തികൊണ്ടുള്ള പ്രവത്തനങ്ങൾ | 2023-28 | അദ്ധ്യാപകൻ | 15000/-<br>എസ്. എസ്. കെ<br><br>50,000/-<br>എസ്. എസ്. കെ<br>പി. ടി.എ<br>ഒ.എസ്.ടി.എ<br><br>5,000/-<br>പി. ടി.എ |

**മേഖല : അക്കാദമികം** **ഉപമേഖല – സാമൂഹ്യശാസ്ത്രം**

| **ലക്ഷ്യം** | **പ്രവത്തനങ്ങൾ** | **കാലം** | **ചുമതല** | **സാമ്പത്തിക വിശകലനം** |
|---|---|---|---|---|
| എല്ലാ കുട്ടികളിലും സമൂഹ്യബോധവും,മൂല്യങ്ങളും, മനോഭാവങ്ങളും, വളർത്തുന്നതിന് നാടിന്റെപൈതൃകവും , ഭൂമിശാസ്ത്രവും മനസ്സിലാക്കുന്നതിന് | • സാമൂഹ്യ ശാസ്ത്ര പഠനോപകരണ നിർമ്മാണ ശില്പശാല<br><br>• വാന നിരീക്ഷണ ക്യാമ്പ്<br>• വിദഗ്ദ്ധരുടെ ക്ലാസ്സുകൾ<br>• സഹവാസ ക്യാമ്പ്<br>• സ്കൂൾ പാർലമെൻറ് വകുപ്പ് മേധാവികളെ തെരഞ്ഞെടുക്കൽ<br>• സാമൂഹിക പ്രശ്നങ്ങൾ ഏറ്റെടുത്ത് നടത്തൽ<br>• മനോഭാവ രൂപീകരണത്തിനും, സാമൂഹ്യ ബോധത്തിനും സഹായിക്കുന്ന രീതിയിലുള്ള സന്ദർശനങ്ങൾ<br>• വൃദ്ധസദനങ്ങൾ<br>• അനാഥാലയങ്ങൾ<br>• വൈകല്യത്തെ അതിജീവിച്ച് ഉന്നതിയിലെത്തിയവർ<br>• സുകൃതം-സുഹൃത്തുക്കളെ സഹായിക്കാനുള്ള ധനസമാഹരണം<br>• ഓരോ ക്ലാസ്സിലും വർത്തമാനപത്രം, മാസികകൾ എന്നിവലഭ്യമാക്കൽ<br>• ഗ്ലോബ്, മാപ്പ് പരിചയപ്പെടുത്തൽ<br>• ചരിത്രാന്വേഷണം<br>• ശേഖരണം<br>• ചരിത്രസ്മാരകങ്ങൾ സന്ദർശനം | 2023-2028 | അധ്യാപകർ<br><br>അധ്യാപകർ<br><br>കുട്ടികൾ /ക്ലാസ് ടീച്ചർ | 20000<br><br>6000 |

**മേഖല : അക്കാദമികം** **ഉപമേഖല – സാമൂഹ്യശാസ്ത്രം**

| ലക്ഷ്യം | പ്രവത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| | • കൗൺസിലിംഗ് ക്ലാസുകൾ സംഘടിപ്പിക്കൽ<br>• ലഹരി വിരുദ്ധ ബോധവത്കരണം പ്രവർത്തനങ്ങൾ ഏറ്റെടുത്ത് നടപ്പിലാക്കാൻ<br>• മനുഷ്യാവകാശ വിദ്യാഭ്യാസം നൽകുന്ന പ്രവത്തനങ്ങൾ<br>• സാംസ്കാരിക പൈതൃകം മനസ്സിലാക്കുന്നതിന് വിവിധ പൈതൃക കേന്ദ്രങ്ങൾ സന്ദർശനം | | അധ്യാപകർ | 20000 |

**മേഖല : അക്കാദമികം** **ഉപമേഖല – ലൈബ്രറി പരിപോഷണം**

| **ലക്ഷ്യം** | **പ്രവത്തനങ്ങൾ** | **കാലം** | **ചുമതല** | **സാമ്പത്തിക വിശകലനം** |
|---|---|---|---|---|
| കുട്ടികളിലെയും, അധ്യാപകരിലെയും, രക്ഷിതാക്കളിലെയും വായനപരിപോഷിപ്പിക്കുന്നതിന് | • ക്ലാസ് ലൈബ്രറി ഒരുക്കൽ<br>• പുസ്തക ശേഖരണം<br>• പുസ്തക പ്രദർശനം<br>• അമ്മ വായന, അവതരണം<br>• പ്രാദേശിക എഴുത്തുകാരുടെ ഡയറക്ടറി<br>• പ്രാദേശിക ലൈബ്രറി ഉപയോഗം<br>• ക്യാമ്പസ്സിലൊരു വായനപ്പുര, ഫോട്ടോ ഗാലറി ഒരുക്കൽ (പ്രാദേശിക എഴുത്തുകാർ, സാഹിത്യകാരന്മാർ )<br>• പാഠപുസ്തകങ്ങളുടെ ശേഖരണം<br>• വീട്ടിൽ ഒരു ലൈബ്രറി<br>• വായനക്കൂടാരം-കുട്ടികളുടെ രചനകൾ പ്രദർശിപ്പിക്കാനും എല്ലാവര്ക്കും വായിക്കാനുമുള്ള സൗകര്യം, ഒരുക്കൽ, വായനാകുറിപ്പുകൾ, പതിപ്പുകൾ നിർമ്മിച്ച് ലഭ്യമാക്കൽ വലിയ അക്ഷരങ്ങളും, ചിത്രങ്ങളുമുള്ള പുസ്തകം ലഭ്യമാക്കൽ<br>• വായനോത്സവം<br>• ഓൺലൈൻ വായനോത്സവം | | അധ്യാപകർ/ പി.ടി.എ<br><br>അധ്യാപകർ/ പി.ടി.എ | 10000 |

മേഖല : അക്കാദമികം

ഉപമേഖല – അറബി

| ലക്ഷ്യം | പ്രവത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ഭാഷാ നൈപുണീ കൈവരിക്കാൻ പ്രാഥമിക പ്രക്രിയയെന്ന നിലയിൽ അറബി ഭാഷ കേൾക്കാനും, പ്രകടിപ്പിക്കാനും കൂടുതൽ അവസരങ്ങൾ ഉണ്ടാക്കുക. | കുട്ടികൾക്കിഷ്ടമുള്ളതും താത്പര്യമുള്ളതും നിത്യ ജീവിതത്തിൽ കാണുകയും കേൾക്കുകയും ചെയ്യുന്നതുമായ നിറങ്ങൾ, പഴങ്ങൾ, പച്ചക്കറികൾ വീട്ടുപകരണങ്ങൾ, സ്കൂൾ അനുബന്ധ കാര്യങ്ങൾ തുടങ്ങിയവ ഉൾപ്പെടുന്ന ചിത്രങ്ങൾ,പാട്ടുകൾ,വീഡിയോകൾ,എന്നിവ കാണാനും, ശ്രവിക്കാനും,അവസരം നല്കുകയും കുട്ടികൾ അത് ആസ്വദിക്കുകയും കേട്ട കാര്യങ്ങൾ പ്രകടിപ്പിക്കാൻ ശ്രമിക്കുകയും ചെയ്യുന്നു. | ജൂൺ | | ലാപ്ടോപ്പ്, പ്രൊജെക്ടറുകൾ സ്മാർട്ട് ക്ലാസ് റൂം, 75000 ക്ലാസ്സ്റൂം MLA/LSG/SSG/OSTA |
| ഭാഷാ പഠനത്തിൽ ഏറ്റവും പ്രാധാന്യ മർഹിക്കുന്ന മറ്റുരണ്ട് ശേഷികളായ വായന, എഴുത്ത് എന്നിവ പരിപോഷിപ്പിക്കുന്നതിന് | പാഠപുസ്തകവുമായി ബന്ധപ്പെട്ട പരമാവധി പദങ്ങൾ ഉൾപ്പെടുന്ന വായനാകാർഡുകളും വർക്ക് ഷീറ്റുകളും ചിത്രങ്ങളുടെയും മറ്റും സഹായത്തോടെ ആകർഷകമായ നിലയിൽ ഡിജിറ്റൽ രൂപത്തിലും പ്രിന്റ് ചെയ്തുപതിപ്പായും, നിർമ്മിച്ച് പാഠഭാഗത്തോടൊപ്പം കുട്ടികൾക്ക് നല്കുന്നു. കുട്ടികൾക്ക് രസകരമായ തരത്തിൽ വായനയ്ക്കും എഴുത്തിനും അവസാരമുണ്ടാക്കുന്നു. | ജൂലൈ മുതൽ മാർച്ച് വരെ | | വായനാക്കാർഡുക, വർക്ക് ഷീറ്റുകൾ 2000 /- OSTA/PTA |
| അറബി ഭാഷയിലെ ഒരുപോലെയുള്ള അക്ഷരങ്ങളുടെ ഉച്ചാരണത്തിലും എഴുത്തിലുമുള്ള വ്യത്യാസം മനസ്സിലാക്കാൻ. | അറബി ഭാഷയിൽ 28 അക്ഷരങ്ങളിൽ ചില അക്ഷരങ്ങൾ സാമ്യമുണ്ട്. (eg. ) ഇവയുടെ ഉച്ചാരണത്തിലും സാമ്യമുണ്ട്. ഈ ബുദ്ധിമുട്ട് പരിഹരിക്കാൻ വാക്കുകളും, വാക്യങ്ങളും ക്രോഡീകരിച്ചു നല്കുന്നു. പിന്നോക്കം നിൽക്കുന്ന കുട്ടികളെ പ്രത്യേകം പരിഗണിക്കുന്നു. | ഓഗസ്റ്റ് | | സ്പീക്കർ 800/- |
| അറബി ഭാഷയിൽ ആശയ വിനിമയം നടത്താനുള്ള ശേഷി വർദ്ധിപ്പിക്കുക. | ആശയ വിനിമയത്തിന് ഏറ്റവും അനിവാര്യമായ വ്യത്യസ്ഥ സാഹജര്യങ്ങൾക്കനുസരിച്ചുള്ള വാക്യങ്ങൾ പരിചയപ്പെടുത്തുകയും ലളിതമായ സംഭാഷണങ്ങൾ വീഡിയോ ആയി പ്രദർശിപ്പിക്കുകയും ക്ലാസ്സിൽ അവതരിപ്പിക്കുകയും ചെയ്യുന്നു | | സെപ്റ്റംബർ | ചാർട്ടുകൾ, സ്പീക്കർ 1000/- |

| | | | | |
|---|---|---|---|---|
| കുട്ടികളുടെ സർഗ്ഗാത്മക ശേഷി വർദ്ധിപ്പിക്കുക. | അറബി ഗാനം,പദ്യം,പ്രസംഗം, കഥ പറയൽ, നാടകാവതരണം തുടങ്ങയുള്ള കുട്ടികളിൽ സർഗാത്മകത ഉണർത്തുന്നതിന് ആവശ്യമായ പിന്തുണ നല്കുക. | | ഓഗസ്റ്റ് സെപ്റ്റംബർ | സി. ടി. കൾ സ്പീക്കർ 1000/- OSTA/SSG |
| അറബി ഭാഷശേഷി വർദ്ധിപ്പിക്കുന്നതിനുള്ള നിഘണ്ടു പരിചയപ്പെടുക ലൈബ്രറി നിർമ്മണം. | കുട്ടികൾക്ക് ലളിതമായി മനസ്സിലാക്കാൻ പറ്റുന്ന ചെറുകഥകളും പുസ്തകങ്ങളും ശേഖരിച്ചു ലൈബ്രറി നിർമ്മിക്കുന്നു. പാഠപുസ്തകത്തിനു പുറമേ മറ്റു പുസ്തകങ്ങളിൽ നിന്നും പദങ്ങൾ പരിചയപ്പെടുകയും ആപദങ്ങൾ ഉപയോഗിച്ച് നിഘണ്ടു തയ്യാറാക്കുക. പദകേളി പദപ്പയറ്റ് തുടങ്ങിയ മത്സരങ്ങൾ സംഘടിപ്പിക്കുന്നു | | സെപ്റ്റംബർ മാർച്ച് | പുസ്തകങ്ങൾ നിഘണ്ടു. |
| വ്യത്യസ്ത ദിനങ്ങളെ കുറിച്ചുള്ള അവബോധം. | ദിനാചരണവുമായി ബന്ധപ്പെട്ട് പോസ്റ്റർ നിർമ്മാണം,പ്ലക്കാർഡ് നിർമ്മാണം. ക്വിസ്സ് മത്സരം തുടങ്ങിയവ സംഘടിപ്പിക്കുന്നു. | | ജൂൺ മാർച്ച് | നോട്ടീസ്, ബോർഡ് |
| കുട്ടികൾ വായനാ താത്പര്യരാക്കുക. | ക്ലാസ്സുകളിൽ പ്രത്യേകം നിശ്ചയിച്ച സ്ഥാനത്ത് വിജ്ഞാനപ്രദമായതും ആകർഷകവുമായ ചാർട്ടുകൾ സ്ഥാപിച്ച് അത് വായിക്കുകയും നിരീക്ഷിക്കുകയും ചെയ്യുക. | | ഒക്ടോബർ മാർച്ച് | ചാർട്ടുകൾ |
| അറബി ഭാഷയിൽ ഡിജിറ്റൽ മേഖലയിൽ കുട്ടികളെ താല്പര്യരാകുക. | ദിനാചാരണവുമായി ബന്ധപ്പെട്ട ഡിജിറ്റൽ പോസ്റ്റർ തയ്യാറാക്കുക. അറബി ഭാഷാശേഷി വളർത്താനുള്ള ഗെയിമുകൾ പരിചയപ്പെടുത്തുന്നു. | | ജനുവരി മാർച്ച് | ലാപ്ടോപ് മൊബൈൽ |

**മേഖല : അക്കാദമികം** **ഉപമേഖല – സംസ്കൃതം**

| ലക്ഷ്യം | പ്രവത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| എല്ലാ കുട്ടികൾക്കും സംസ്കൃത ഭാഷ വായിക്കുന്നതും എഴുതുന്നതിനും സംസാരിക്കുന്നതിനുമുള്ള ശേഷി വർദ്ധിപ്പിക്കൽ.<br><br><u>സംഭാഷണം</u><br>സംസ്കൃതവാതാവണം ഉണ്ടാക്കുക.ക്ലാസ് മുറികളിലും വേദികളിലും സംസ്കൃതം സംസാരിക്കുന്നതിനുള്ള അവസരം<br><br>സംസ്കൃത ഭാഷ പ്രയോഗ വൽകരിക്കൽ | • നിത്യ ഉപയോഗവസ്തുക്കളുടെ സംസ്കൃതത്തിലുള്ള പേരുകൾ ശേഖരിപ്പിക്കുക അവ പ്രദർഷിപ്പിക്കുക.<br>• സംസ്കൃത അക്ഷര ചാർട്ടുകൾ പ്രദർഷിപ്പിക്കൽ.<br>• സംസ്കൃത ചിത്ര പ്രദർശനം, സംഖ്യാ പ്രദർശനം ചിത്രങ്ങൾ എന്നിവയുടെ ചാർട്ട് നിർമ്മിക്കൽ.<br>• അക്ഷരചാർട്ട് വായനാകാർഡ്, അക്ഷരങ്ങൾ കൊണ്ട് വാക്കുകൾ നിർമ്മിക്കൽ. സംസ്കൃത ഭാഷകേട്ട് കൊണ്ട് പഠിക്കുവാൻ അവസരം ഒരുക്കുക.<br>• സംസ്കൃത ഗ്രന്ഥശാലകൾ ഒരുക്കുക.വായനാ കാർഡ് നിർമ്മിക്കുക.<br>• പക്ഷികൾ മൃഗങ്ങൾ പഴങ്ങൾ പച്ചക്കറികൾ എന്നിവയുടെ പേരുകൾ സംസ്കൃതത്തിൽ കണ്ട് മനസ്സിലാക്കൽ.<br>• സംസ്കൃതത്തിൽ കുട്ടികൾ തയ്യാറാക്കിയ (കഥ, കവിത എന്നിവ പ്രദർശിപ്പിക്കുക.)<br>• സംസ്കൃത അസംബ്ലികൾ നടത്തൽ.<br>• ദിനാചരണങ്ങൾ നടത്തൽ<br>• ഐ ടി ക്ലാസുകൾ വഴി, സംസ്കൃത വാർത്തകൾ, ചെറിയ കഥകൾ കേൾക്കുവാൻ അവസരം.<br>• സംസ്കൃത ബലമാസിക വായിക്കൽ | 3 മാസം | അധ്യാപകൻ | |

**മേഖല : അക്കാദമികം** **ഉപമേഖല – ഹിന്ദി**

| **ലക്ഷ്യം** | **പ്രവത്തനങ്ങൾ** | **കാലം** | **ചുമതല** | **സാമ്പത്തിക വിശകലനം** |
|---|---|---|---|---|
| എല്ലാ കുട്ടികൾക്കും ഹിന്ദി ഭാഷ വായിക്കുവാനും എഴുതുവാനും സംസാരിക്കാനുമുള്ള അടിസ്ഥാന ശേഷി വികസിപ്പിക്കുന്നതിന്. .<br><br>ഹിന്ദി പദങ്ങളും വാചകങ്ങളും ആശയങ്ങളും ഉറപ്പിക്കുന്നതിനുള്ള ശേഷി വികസിപ്പിക്കുന്നതിന് | ഹിന്ദി അക്ഷരപ്പാട്ട് കേൾക്കാനും പാടാനും അവരങ്ങൾ ഒരുക്കുന്നു.<br>ഹിന്ദി കഥകൾ കേൾക്കാനും അവതരിപ്പിക്കാനും ഉള്ള അവസരങ്ങൾ ഒരുക്കുന്നു.<br>(വീഡിയോ, ഓഡിയോ മുതലായവ ഉപയോഗിക്കുന്നു.)<br>അക്ഷരക്കാർഡ്, ചിഹ്നക്കാർഡ്, വായനക്കാർഡ്, വർക്ക് ഷീറ്റുകൾ,അക്ഷരക്കാർഡ്, വാക്കുകൾ എഴുതിയ എന്നിവ ഉപയോഗിച്ചത് വാക്കുകളും വാചകങ്ങളും നിർമ്മിക്കുന്നു. | **ജൂൺ മുതൽ** ആഗസ്റ്റ് വരെ | ഹിന്ദി അധ്യാപിക | 5000/- |
| എല്ലാ വിദ്യാർഥികൾക്കും ഹിന്ദി ഭാഷ സംസാരിക്കുന്നതിനും ഹിന്ദിയിൽ എഴുതുന്നതിനും ഉള്ള ശേഷികൾ വികസിപ്പിക്കുന്നതിന് | • ഹിന്ദി അസംബ്ലി നടത്തുന്നു.<br>• വീട്ടിൽ ഉപയോഗിക്കുന്ന ഉപകരണങ്ങൾ ചുറ്റുപാടുമുള്ള<br>• വസ്തുക്കൾ എന്നിവയെ കുറിച്ച് ഹിന്ദിയിൽ സംസാരിക്കുന്നു<br>• ഹിന്ദി ഡയറി തയ്യാറുക്കുന്നു .<br>• ഹിന്ദി വയാനോത്സവം, കഥോത്സവം എന്നിവ നടത്തുന്നു | സെപ്റ്റംബർ **മുതൽ** ഡിസംബർ വരെ<br><br>ജനുവരി ഫെബ്രുവരി<br><br>മാർച്ച് | ഹിന്ദി അധ്യാപിക | |